പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 369

03.02.2014- ലെ മറുപടിക്ക്

## മത്സ്യം മാംസം എന്നിവയുടെ ഉൽപ്പാദനവിപണന കേന്ദ്രങ്ങളിൽ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. റ്റി. ബൽറാം<br>" എം. എ. വാഹിദ്<br>" സണ്ണി ജോസഫ്<br>" ലൂഡിലൂയിസ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | കേടാകാത്തതും മായം കലരാത്തതുമായ മത്സ്യം മാംസം എന്നിവ ലഭ്യമാക്കുന്നതിന് ഉത്പ്പാദനവിപണന കേന്ദ്രങ്ങളിൽ സമയബന്ധിതമായ പരിശോധനകൾ നടത്തികുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഇക്കാര്യത്തിൽ സംസ്ഥാനത്ത് വ്യാപകമായി നടത്തിവരുന്ന പരിശോധനകൾ തുടരുന്നതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ശേഖരിച്ചതിൽ അപകടകരമായ രാസവസ്തുകളുടെ സാന്നിദ്ധ്യം ചില സാമ്പിളുകളിൽ കണ്ടെത്തിയിട്ടുള്ളതും തുടർന്ന് തമിഴ്നാട്, ആന്ധ്രപ്രദേശ്,കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് അത്തരം പ്രവണതകൾ അടിയന്തിരമായി തടയാൻവേ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ് ഇതിനകം കത്ത് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച അറിയിപ്പും അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട് കൂടാതെ സംസ്ഥാനത്തെ പ്രധാന മത്സ്യവിപണികൾ കേന്ദ്രികരിച്ച് പരിശോധനയ്ക്കായി മത്സ്യസാമ്പിളുകൾ ശേഖരിച്ചിട്ട് എന്നാൽ സംസ്ഥാനത്ത് ശാസ്ത്രീയമായ കശാപ്പുശാലകളുടെ അഭാവം ഗുണനിലവാരമുള്ള മാംസം സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത് സംബന്ധിച്ച് ഗൗരവപൂർവ്വമായ തുടർനടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളതും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആയതിൽ ഒരു അംഗവുമാണ്.പരിശോധയിൽ ഗുണനിലവാരമില്ലാത്തതോ മായം ചേർത്ത്തോ ആയിട്ടുള്ള മത്സ്യവും മാംസവും വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലനുശാസിക്കും പ്രകാരം |

| | | | |
|---|---|---|---|
| | | | നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത പരിശോധനകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | മായം കലർത്താത്തതും കൃത്രിമമായ രാസവസ്തുകൾ ഉപയോഗിച്ച് സംരക്ഷിക്കാത്തതുമായ മത്സ്യത്തിന്റെ ലഭ്യതയും ഗുണനിലവാരം ഉറപ്പിക്കാവുന്നതായ മാംസത്തിന്റെ ലഭ്യതയും സംസ്ഥാനത്ത് ഉറപ്പുവരുത്തുകയെന്നുള്ളതും അത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുകയെന്നുള്ളതുമാണ് ഇത്തരം പരിശോധനകളുടെ ഉദ്ദേശലക്ഷ്യം. |
| സി) | ആരെല്ലാമാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരാണ് പരിശോധന നടത്തുന്നത്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി കൊച്ചിയിൽ സ്ഥിതി ചെയ്യുന്ന Central Institute for Fisheries Technology(CIFT) ന്റെ സേവനവും ഗുണനിലവാരമുള്ള മാംസം സംബന്ധിച്ച വിവിധ പരിശോധനകൾക്കായി വെറ്ററിനറി സർവകലശാലയുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടു് വിശദാംശങ്ങൾ ലഭ്യമാക്കാമോ | ഡി) | ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചോദ്യത്തിന്റെ (എ) വിഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**